**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 619 29.10.2019-ലെ മറുപടിയ്ക്ക്

## <u>സൈ്വൽ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സൈ്വൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | സൈ്വൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി 2 സ്ഥലങ്ങളിൽ കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തുകയും രണ്ടാമതായി പരിശോധിച്ച സ്ഥലത്ത് ഗാലറി നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്തുള്ള കളിസ്ഥലം മൺ പ്രതലമായതിനാൽ കളികൾ നടത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രാഥമിക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രകൃതിദത്ത സെവൻസ് ഫുട്ബോൾ ടർഫ് പണിയുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (ബി) | പദ്ധതി അനുവദിച്ചിട്ട് നാളുകളേറെയായെങ്കിലും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ